(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കാൻ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലയിൽ ഒരു ഓഫീസറെ ഈ ജോലിക്കായി പ്രത്യേകം നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഓൺലൈൻ ലോട്ടറി

49 [332] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി ക്രമാതീതമായി വർദ്ധിച്ചു വരുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ലോട്ടറികളുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അന്യ സംസ്ഥാനങ്ങളുടെ ഓൺലൈൻ ലോട്ടറി വില്പന സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഓൺലൈൻ ലോട്ടറി ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ ആന്റ് ബി) ഉണ്ട്.

(സി) കേന്ദ്ര ഭാഗ്യക്കുറി നിയമത്തിന്റെ ലംഘനങ്ങൾ നടക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) നിയമ വിരുദ്ധമായി നടത്തപ്പെടുന്ന ലോട്ടറികൾ നിയമ നടപടികളിലൂടെ നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് ആന്റ് ജി) 7-9-2002-ലെ സർക്കാർ ഉത്തരവ് എം. എസ്. നമ്പർ 135/02/റ്റി.ഡി. പ്രകാരം സംസ്ഥാന ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിന് ഉത്തരവായി. ലോട്ടറിയുടെ നടത്തിപ്പിന് വേണ്ടിയുള്ള ചട്ടങ്ങൾ 16-7-2003-ലെ സർക്കാർ ഉത്തരവ് (പി) 118/03/റ്റി. ഡി. പ്രകാരം പുറപ്പെടുവിച്ചു.

അത് പ്രകാരം ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചുവെങ്കിലും ടെണ്ടർഫോം വാങ്ങിയ 9 പേരിൽ ആരും തന്നെ ടെണ്ടർ സമർപ്പിച്ചില്ല. ഓൺലൈൻ ലോട്ടറികളെ സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഒരു പുനർ ചിന്തനം ആവശ്യമെന്ന് കരുതുന്നു.

## ഭാഗ്യക്കുറി വില്പനയിലൂടെ ഭാഗ്യക്കുറി വകുപ്പ് സ്വരൂപിച്ച തുക

50 [333] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 മുതൽ 2004 വരെയുള്ള ഓരോ വർഷവും ഭാഗ്യക്കുറി വില്പനയിലൂടെ ഭാഗ്യക്കുറി വകുപ്പ് സ്വരൂപിച്ച തുകയുടെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എന്ത് തുക വീതം ഓരോ വർഷവും സമ്മാനത്തുകയായി വിതരണം ചെയ്തിട്ടുണ്ട്;

(സി) ഓരോ വർഷവും ഏജന്റുമാർക്ക് നൽകിയ കമ്മീഷൻ തുക എത്രയാണ്;

(ഡി) കേരള സംസ്ഥാന ഭാഗ്യക്കുറി വില്പനയ്ക്കു വേണ്ടി സംസ്ഥാനത്ത് ആകെ എത്ര അംഗീകൃത ഏജന്റുമാരാണുള്ളതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) 2000 മുതൽ 2004 വരെയുള്ള കാലയളവിൽ ഭാഗ്യക്കുറി വില്പനയിലൂടെ സ്വരൂപിച്ച തുകയുടെ കണക്ക്:—

| വർഷം | തുക (രൂപ കോടിയിൽ) |
|---|---|
| 2000-01 | 134.16 |
| 2001-02 | 122.69 |
| 2002-03 | 131.69 |
| 2003-04 (2003 ഡിസംബർ 31 വരെ) | 95.08 |

LIBRARY ARCHIVES Kerala Legislative Assembly